LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

203(5792) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ എത്ര ബസ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് ഡിപ്പോ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ ഡിപ്പോകൾക്ക് 8 നോൺ എ.സി. ജൻറം ബസുകൾ ഉൾപ്പെടെ 76 ബസ്സുകളും കാസർഗോഡ് ജില്ലയിലെ ഡിപ്പോകൾക്ക് 5 നോൺ എ.സി. ജൻറം ബസുകൾ ഉൾപ്പെടെ 53 ബസ്സുകളും അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ല

ഡിപ്പോ	RTC	JnNURM	Total
കാസർഗോഡ്	40	3	43
കാഞ്ഞങ്ങാട്	8	2	10
ആകെ	48	5	53

കണ്ണൂർ ജില്ല

ഡിപ്പോ	RTC	JnNURM	Total
കണ്ണൂർ	36	6	42
തലശ്ശേരി	17	1	18
പയ്യന്നൂർ	15	1	16
ആകെ	68	8	76

തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലും ഡിപ്പോയിലും അടിസ്ഥാന സൗകര്യങ്ങൾ

204(5793) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലും ഡിപ്പോയിലും യാത്രക്കാർക്ക് നടപ്പാതകളോ മൂത്രപ്പുരകളോ ഇല്ലാത്തതും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നൽകാത്തതും ആയ മനുഷ്യാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വിശദമാക്കുമോ ?